(ബി) ഉണ്ട്.

(സി) മേൽപ്പറഞ്ഞ ചെക്ക് ഡാമുകൾ താരതമ്യേന ചെലവ് കൂടിയതും വിശദമായ പഠനത്തിനുശേഷം മാത്രം നടപ്പാക്കാൻ സാധിക്കുകയുള്ളതുകൊണ്ട് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമാക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും ഈ പ്രദേശത്തെ വരൾച്ച പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി വേഗത്തിൽ ചെയ്തു തീർക്കുവാൻ നടപടി എടുക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ വെന്റിലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

73 [236] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ വെന്റിലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്ന എത്ര പ്രവർത്തികളാണ് പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) കുന്നോത്ത് പറമ്പ് പഞ്ചായത്തും തൃപ്രങ്ങോട്ടൂർ പഞ്ചായത്തും തമ്മിൽ യോജിപ്പിക്കുന്ന പോങ്ങോട് വെന്റിലേറ്റർ-കം-ബ്രിഡ്ജിന്റെയും കുന്നോത്തുപറമ്പ് പഞ്ചായത്തിലെ കെടാരി വെന്റിലേറ്റർ-കം-ബ്രിഡ്ജിന്റെയും പ്രവർത്തികൾ എന്നു തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികൾക്ക് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വെന്റ് ക്രോസ് ബാർ നിർമ്മിക്കുന്ന മൂന്നു പ്രവർത്തികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(ബി) കുന്നോത്തുപറമ്പ് പഞ്ചായത്തും തൃപ്രങ്ങോട്ടൂർ പഞ്ചായത്തും തമ്മിൽ യോജിപ്പിക്കുന്ന പോങ്ങോട് വെന്റ് ക്രോസ് ബാറിന്റെയും കുന്നോത്തുപറമ്പ് പഞ്ചായത്തിലെ കെടാരി വെന്റ് ക്രോസ് ബാറിന്റെയും പ്രവർത്തികൾ ആർ.ഐ.ഡി.എഫ്. 9-ൽ ഉൾപ്പെടുത്തി നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു എങ്കിലും നബാർഡ് പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടില്ല.

(സി) തുകയൊന്നും വകയിരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly